(സി) പ്രസ്തുത സ്ഥാപനങ്ങളുടെ മോണിറ്ററിംഗ്, ഇവാലുവേഷൻ, ഇംപാക്ട് അസെസ്സ്മെന്റ് എന്നിവ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനുമായി നൂതന സാങ്കേതികവിദ്യയുടെ കൂട്ടിച്ചേർക്കൽ, മികവുറ്റ ഉൽപ്പാദന സംവിധാനങ്ങൾ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവ ഉൾപ്പെടുന്ന വിവിധ പദ്ധതികളാണ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നത്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് പ്രത്യേക പഠനം നടത്തുന്നില്ല. എന്നാൽ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ സമർപ്പിക്കുന്നത് വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്.

(സി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി മാസംതോറും അവലോകനം ചെയ്യുന്നതിനായി പ്രത്യേക അവലോകന സംവിധാനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. റിയാബിന്റെ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും റിയാബ് നേരിട്ടും മൂന്ന് മാസത്തിലൊരിക്കലും അർദ്ധവാർഷികമായും വ്യവസായ വകുപ്പ് മന്ത്രിയുടെയും വകുപ്പ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ പ്രത്യേകമായും അവലോകനം നടത്തുകയും സ്ഥാപനങ്ങളുടെ യഥാർത്ഥ ലാഭനഷ്ടം അറിയുന്നതിന് വേണ്ടി കണക്കുകൾ പൂർത്തീകരിച്ച് ആഡിറ്റുകൾ യഥാസമയം നടത്തുന്നതിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിലയിരുത്തലിനും ഇംപാക്ട് അസ്സസ്മെന്റ് നടത്തുന്നതിനും ആവശ്യമെങ്കിൽ വിദഗ്ധ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്.

എമർജിംഗ് കേരള സംഗമം

237 (582) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാരിന്റെ കാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഗമത്തിൽ വന്ന എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) എത്ര പദ്ധതികളിലാണ് എം.ഒ.യു. ഒപ്പിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സംഗമത്തിൽ വന്നതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും സാദ്ധ്യതകളും ലോകത്തിനുമുന്നിൽ അവതരിപ്പിക്കുക എന്നതും, വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക എന്നതുമായിരുന്നു എമർജിംഗ് കേരളയിലൂടെ ലക്ഷ്യമാക്കിയിരുന്നത്. കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുവാനും നിക്ഷേപ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാനും ഈ സംഗമത്തിലൂടെ സാധിച്ചിട്ടുണ്ട്. എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിൽ ലഭിച്ച 177 പദ്ധതികളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇവയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രമുള്ള 19 പദ്ധതികളിൽ രണ്ടു പദ്ധതികളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി 17 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എമർജിംഗ് കേരളയുടെ ഭാഗമായി സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ചത് താഴെപ്പറയുന്ന രണ്ട് പദ്ധതികൾക്കാണ് :

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL between BPCL and Govt. of Kerala.

2. Advanced Diploma course in Automative Mechatronics (ADAM) Course at Govt. Engineering College, Trivandrum by Mercedez Benz.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എമർജിംഗ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കും പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുവേണ്ടി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. അതുപോലെ എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളെയും പദ്ധതികളെയും ഫലവത്താക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

എമർജിംഗ് കേരള

238 (583) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയിലൂടെ കേരളത്തിൽ എത്ര കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത് ;

(ബി) വ്യവസായ വകുപ്പിനു കീഴിൽ എത്ര പദ്ധതികളിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഇതിനകം ഉണ്ടായിട്ടുണ്ട് ; പദ്ധതിയും അവയുടെ ഇതിനകമുണ്ടായ നിർവ്വഹണ ചെലവും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷം പദ്ധതികളുടെ എണ്ണം 148 ആയി നിശ്ചയിച്ചു. ഇവയിലൂടെ ഏകദേശം 93734 കോടിരൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിച്ചിരുന്നത്. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ വരുന്ന 19 പദ്ധതികളുടെ ആകെ നിക്ഷേപം ഏകദേശം 20969 കോടിരൂപയാണ്. ഇതിൽ 2 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 17 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ 2 പദ്ധതികളുടെ ആകെ നിക്ഷേപം ഏകദേശം 209 കോടിരൂപയാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly